TB Movie Panel Weekly Review

**#moviepanel**

Bro Daddy (2022)

Written By: Lijo Rachel George

ഇതുവരെ ഈ സിനിമ കണ്ടിട്ടില്ലാത്തവർക്ക്, സിനിമയുടെ പേര് കേൾക്കുമ്പോൾ കഥയെ പറ്റി എന്തെങ്കിലും ഒരു ഊഹം കിട്ടുന്നുണ്ടാവുമോയെന്ന് അറിയില്ല, എന്നാലും സിനിമയുടെ പ്രമേയത്തോട് ചേർന്ന് നില്ക്കുന്ന ഒരു ടൈറ്റിൽ തന്നെയാണ് സിനിമയുടേത്.അതായത്, ഒരു കുടുംബത്തിലെ അച്ഛനും മകനും അല്ലെങ്കിൽ അച്ഛനും മക്കളും തമ്മിൽ പ്രായത്തിന്റെ പേരിലോ രണ്ടു തലമുറയിൽ ജീവിച്ചു വരുന്നതിന്റെ പേരിലോ ഒക്കെയുള്ള,ബഹുമാനത്തിന്റെയോ പേടിയുടെയോ രൂപത്തിൽ അതിർവരമ്പുകൾ നിശ്ചയിക്കുന്ന, , അച്ഛൻ -മകൻ ബന്ധത്തിന്റെ പരമ്പരാഗത രീതികൾ വിട്ടിട്ട്, അച്ഛൻ എന്നതിനൊപ്പം തന്നെ മകന്റെ വിശ്വസ്ഥ സുഹൃത്തും സഹോദരനും രക്ഷകനും ഒക്കെ ആയി മാറുന്ന ഒരു അച്ഛന്റെയും, തന്റെ ജീവിതത്തിലെ ആരോടും പറയാനാകാത്ത പ്രശ്നങ്ങൾ വരെ അച്ഛനോട് ആദ്യം share ചെയ്യുന്ന തരം അടുപ്പമുള്ള മകന്റെയും കഥയാണ്.

കുറച്ചു വർഷങ്ങളായി ഹൊറർ, ക്രൈം ത്രില്ലർ, സൈക്കോ ത്രില്ലർ, genre മൂവികൾ സ്ഥിരം ഫോർമുല ആയി മാറിയിരുന്ന മലയാള സിനിമയിലെ ക്ളീഷേ ശൈലിയ്ക്ക് ഒരു വ്യത്യസ്തത കൊണ്ട് വന്നത് sci-fi മൂവീസ് ആണ്.അപ്പോഴും ഒരു കോമഡി സിനിമ മലയാളത്തിൽ ഇറങ്ങിയിരുന്നത് ചുരുക്കം മാത്രമായിരുന്നു. ആ അവസ്ഥയ്ക്കും മാറ്റം വരുത്തിയ ഒരു കോമഡി സിനിമയാണ് Bro Daddy.

അതിനൊപ്പം തന്നെ, ബാല്യ കാല സുഹൃത്തുക്കളും ബിസിനസ്സുകാരുമായ രണ്ടു പേര്, അതായത്, ജോൺ കാറ്റാടിയും കുര്യൻ കാറ്റാടിയും,വിവാഹം കഴിഞ്ഞ ശേഷം, അവരുടെ സൗഹൃദത്തിനുമപ്പുറം രണ്ടു കുടുംബങ്ങളും തമ്മിലുള്ള സുഹൃത്തുക്കളായ കഥയും ആ രണ്ടു കുടുംബങ്ങളുടെയും ജീവിതവും കൂടിയാണ് ഈ സിനിമ.അതുപോലെ പെൺമക്കളുള്ള അച്ഛന്മാരുടെ മനസ്സ് ഈ സിനിമ നല്ല ഭംഗിയായി വരച്ചു വെച്ചിട്ടുണ്ട്.

കോമഡിയ്ക്ക് പ്രാധാന്യം നല്കുമ്പോഴും, ഒരൊറ്റ ഡയലോഗ് വഴി വളരെ ഗൗരവമുള്ള ഒരു കാര്യവും സിനിമ നമ്മളെ ഓർമ്മിപ്പിയ്ക്കുന്നുണ്ട്;അത് വഴി, സിനിമ പ്രേക്ഷകർക്ക് ചില സന്ദേശങ്ങളും നല്കുന്നുണ്ട്.അതുപോലെ തന്നെ ഇത്തരം കാര്യങ്ങളെ പറ്റി കൂടുതൽ ആഴത്തിൽ ചർച്ച ചെയ്യാതെ

പോകുന്നതോടൊപ്പം കാമ്പുള്ള കഥാപാത്രം എന്നൊക്കെ പറയാനും മാത്രമുതകുന്ന പാത്ര സൃഷ്ടി, ലാലു അലക്സിന്റെ കുര്യൻ മാത്രമാണ്.അതിനപ്പുറം ഒരു കഥാപാത്രത്തിനും ആ ഒരു 'ആഴം' തിരക്കഥ നല്കിയിട്ടില്ല.

ഈ സിനിമ കാണാൻ പ്രേരിപ്പിയ്ക്കുന്ന, ഏറ്റവും പ്രധാന ഘടകം ഏതെന്നു ചോദിച്ചാൽ അത് മോഹൻലാൽ-മീന ജോഡികൾ ആണ്.മലയാളത്തിന്റെ മഹാനടന്മാരിൽ ഒരാൾ എന്നറിയപ്പെടുന്ന, മോഹൻലാൽ എന്ന നായകന് ഏറ്റവും യോജിച്ച നായിക എന്ന് വിശേഷണം കിട്ടിയ നായികയാണ് മീന.മോഹൻലാൽ അവതരിപ്പിച്ച ജോൺ കാറ്റാടിയും ജോണിന്റെ ഭാര്യയായ അന്നാമ്മ യായെത്തിയ മീനയും അവരുടെ ഒപ്പം അവരുടെ ഏക മകനായ ഈശോയായെത്തിയ പൃഥ്വിരാജും കുറച്ചു ആളുകളെയെങ്കിലും ചിരിപ്പിച്ചു.രണ്ടു വർഷങ്ങൾക്ക് ശേഷം ഇവർ വീണ്ടും ഒരുമിയ്ക്കുമ്പോൾ, ഇത്തവണയും അവരുടെ പ്രകടനവും സിനിമയും നന്നായിരുന്നു എന്ന് വേണം പറയാൻ.

അച്ഛന്റെയും മകന്റെയും കഥ പറയുന്ന ഈ ചിത്രത്തിൽ പ്രായത്തിൽ ഇളയ ആളാണ് നായകൻ, എന്നതാണ്, നായകൻ ആരെന്ന ചോദ്യത്തിന്റെ ഉത്തരത്തിനുള്ള പാരമ്പരാഗത ഫോർമുല വെച്ച് അത്, അഭിനേതാവ് എന്നതിനേക്കാൾ ഈ സിനിമയുടെ സംവിധായകനും കൂടിയായ പൃഥ്വിരാജ് ആണ്.അങ്ങനെ വരുമ്പോൾ ആ നായകന് ഒരു നായികയും വേണമല്ലോ,അത്, പൃഥ്വിരാജിനെ പോലെ തന്നെ, മറ്റൊരു ഹിറ്റ് സിനിമ കുടുംബത്തിൽ നിന്നും വരുന്ന കല്യാണി അഥവാ കല്യാണി പ്രിയദർശൻ ആണ് അല്ലെങ്കിൽ കല്യാണിയുടെ അന്നയാണ്.

ഈ നാല് പേരെ കൂടാതെ സിനിമയിലൊരു പ്രധാന വേഷം കൈകാര്യം ചെയ്യുന്ന ലാലു അലക്സിന്റെ കഥാപാത്രത്തെ പറ്റിയും അദ്ദേഹത്തിന്റെ അഭിനയത്തെ പറ്റിയും എടുത്തു പറയാതെ വയ്യാ.ജോണിന്റെ സുഹൃത്തും അന്നയുടെ അച്ഛനുമായ കുര്യനെയാണ് ലാലു അലക്സ് അവതരിപ്പിച്ചത്.പെൺകുട്ടികളുള്ള അച്ഛന്മാരുടെ ആഗ്രഹങ്ങളും ആവലാതികളും വളരെ തന്മയത്വമായി സ്ക്രീനിൽ അവതരിപ്പിച്ചു കൊണ്ടു ലാലു അലക്സ് സിനിമയിൽ ജീവിക്കുകയായിരുന്നു എന്ന് തന്നെ പറയാം.

ഒരു അഭിനേതാവായും നിർമ്മാതാവായും കഴിവ് തെളിയിച്ച ശേഷം, തന്റെ പ്രഥമ സംവിധായാക സംരംഭം ചരിത്രവുമാക്കി മാറ്റിയ സംവിധായകന്റെ അടുത്ത സിനിമയെ പറ്റി പ്രേക്ഷകർക്ക് ആകാംക്ഷയും പ്രതീക്ഷയും ഉണ്ടാകുന്നത് സ്വാഭാവികം.ലൂസിഫർ പോലെയുള്ള സിനിമയെടുത്ത സംവിധായകന് ഇത്തരത്തിലുള്ള സിനിമയും എടുക്കാൻ കഴിയും എന്ന് പൃഥ്വി തെളിയിച്ചുവെങ്കിലും ഒരു കാര്യത്തിൽ തെറ്റ് പറ്റി. നല്ല തിരക്കഥ ആയിട്ടും, അതിൽ സ്വല്പം പാളിച്ച സംഭവിച്ചത് അതേപടി സിനിമയിലും ചിത്രീകരിച്ചപ്പോൾ അതൊരു

ഇവന്റ് മാനേജ്മെന്റ് കമ്പനിയും അവിടുത്തെ സ്റ്റാഫുമായി വന്നു;അതോടൊപ്പം കാണികൾക്ക് എന്തൊക്കെയോ ഏച്ചു കെട്ടിയത് മുഴച്ചു നില്ക്കുന്ന പോലത്തെ ഫീലും സിനിമയ്ക്ക് അരമണിക്കൂർ ദൈർഘ്യം അധികവും കിട്ടി. പിന്നെ സൗബിനും കൂട്ടാളികളും അഭിനയിച്ചു വെറുപ്പിച്ചു വിഷമിപ്പിച്ചു കളഞ്ഞു. സൗബിന്റെ സിനിമകൾ വെച്ച് ഒരിക്കലും പ്രതീക്ഷിക്കാത്ത പ്രകടനം ആയി പോയി.

ഇവരെയൊക്കെ കൂടാതെ, കനിഹ (എൽസി കുര്യൻ-കുര്യന്റെ ഭാര്യ, അന്നയുടെ അമ്മ), ജഗദീഷ് (കുര്യന്റെയും ജോണിന്റെയും സുഹൃത്തു-ഡോക്ടർ സാമുവേൽ), മല്ലിക സുകുമാരൻ (അമ്മച്ചി -ജോണിന്റെ അമ്മ) ജാഫർ ഇടുക്കി,ഉണ്ണി മുകുന്ദൻ തുടങ്ങിയവരും ഈ ചലച്ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

ആശിർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമിച്ച ചിത്രത്തിലെ ഗാനങ്ങളും പശ്ചാത്തല സംഗീതവും ഒരുക്കിയത് ദീപക് ദേവ് ആണ്.M.G. ശ്രീകുമാർ, വിനീത് ശ്രീനിവാസൻ, മോഹൻലാൽ, പൃഥ്വിരാജ്,യൂജിൻ ഇമ്മാനുവേൽ,anne amie തുടങ്ങിയവരാണ് ഇതിലെ ഗായകർ.ശ്രീജിത്തും ബിബിൻ മാളിയേക്കലും കഥയും തിരക്കഥയും രചിച്ച ചിത്രത്തിന്റെ സിനിമാറ്റൊഗ്രഫി അഭിനന്ദൻ രാമാനുജവും എഡിറ്റിംഗ് അഖിലേഷ് മോഹനുമാണ്.26th ജനുവരി 2022 നു Disney+Hotstar ഒടിടി പ്ലാറ്റഫോമിലാണ് ഈ സിനിമ റിലീസ് ആയത്.

Bro Dady യുടെ സംവിധായകനും നായകനുമായ പൃഥ്വിരാജ്,തന്റെ അഭിനയ ജീവിതത്തിന്റെ 20 വർഷങ്ങൾ പൂർത്തിയാക്കുന്ന വർഷം കൂടിയാണ് 2022; ഈ വേളയിൽ, തന്റെ സിനിമകളിലെ പോരായ്മകളിൽ നിന്ന് ഉൾക്കൊണ്ട് കൊണ്ട് കൂടുതൽ മികച്ച സിനിമകൾ ചെയ്യാൻ അദ്ദേഹത്തിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

: